പുസ്തകം – 7 ലക്കം – 6
ജൂൺ 2014
Intenet Edition:
http://www.syriacchristianity.info/KoloSuryoyo/KS.htm
stmaryscathedral.manarcad
YouTube user/manarcadpalli

ܩܠܐ ܣܘܪܝܝܐ

KOLO SURYOYO

ST. MARY'S YOUTH ASSOCIATION MANARACAD

പച്ചത്തുരുത്ത് 2014-ന് തുടക്കം കുറിച്ചു

യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പച്ചത്തുരുത്ത് പദ്ധതിയോടനുബന്ധിച്ചുള്ള വൃക്ഷത്തൈ വിതരണോദ്ഘാടനം അഭി. കുറിയാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത ഡോണാ മനോജിന് വൃക്ഷത്തൈ നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു. റവ.ഫാ. കുറിയാക്കോസ് കാലായിൽ, പള്ളി ട്രസ്റ്റിമാരായ ക്രിസ്റ്റി മാത്യു, ജോൺ മാത്യു, തോമസ് മാത്യു എന്നിവർ സമീപം.

സെന്റ് മേരീസ് യൂത്ത് അസോസിയേഷൻ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് മുൻവർഷങ്ങളിൽ നടത്തിവരാറുള്ളപോലെ പച്ചത്തുരുത്ത് പദ്ധതി ഈ വർഷം ജൂൺ മുതൽ വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു.

പദ്ധതിയുടെ 2014-ലെ ഉദ്ഘാടനം അഭി. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ ഡോണാ മനോജിന് വൃക്ഷത്തൈ നൽകിക്കൊണ്ട് നിർവ്വഹിച്ചു.

പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ആവശ്യകതയെക്കുറിച്ചും, മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിന് പ്രകൃതിയുടെ സംരക്ഷണം വളരെ അത്യാവശ്യമാണെന്നും വൃക്ഷത്തൈ നൽകിക്കൊണ്ട് അഭി. മെത്രാപ്പോലീത്താ പറഞ്ഞു.

പ്ലാസ്റ്റിക്കിന്റെ അമിതഉപയോഗം, പെട്രോളിയം ഉൽപ്പന്നങ്ങളുടെയും, മറ്റ് രാസവസ്തുക്കളുടെയും ഉപയോഗം ഇവയൊക്കെ നിയന്ത്രിക്കേണ്ടതായുണ്ട്. മണ്ണിനു ചേരാത്ത രാസവളങ്ങൾ പ്രയോഗിച്ച് അതിൽനിന്നുണ്ടാകുന്ന ഉൽപ്പന്നങ്ങൾ ഭക്ഷിക്കുന്നതുമൂലം രോഗങ്ങൾ പെരുകിവരുന്നു. നമുക്ക് പരിചിതമായിരുന്ന ജൂൺ മാസത്തെ കാലവർഷം ഇന്ന് അന്യമായിരിക്കുന്നു. മരങ്ങൾ വെട്ടിനശിപ്പിച്ചും, കുന്നുകൾ ഇടിച്ചുനിരത്തിയും നാം മുന്നേറുന്നത് അത്യന്തം വിനാശകരമായിരിക്കുമെന്നും ഇത് മനുഷ്യരാശിയുടെ നിലനിൽപ്പിന് ഭീഷണിയാണെന്നും അഭി. തിരുമേനി പറഞ്ഞു.

പച്ചത്തുരുത്ത് പദ്ധതിയോടനുബന്ധിച്ച് നിരവധി സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ, വൃക്ഷത്തൈ നടീൽ, വൃക്ഷത്തൈ വിതരണം, മികച്ച കർഷകനെ തെരഞ്ഞെടുക്കൽ, ഉപന്യാസ രചന, കഥ- കവിത രചനാ മത്സരങ്ങൾ തുടങ്ങി നിരവധി പരിപാടികൾ യൂത്ത് അസോസിയേഷൻ നടത്തുന്നു. ഇടവകാംഗങ്ങളുടെ എല്ലാം സഹകരണത്തോടെ ഒരു പരിസ്ഥിതി സൗഹൃദ ഇടവക സാധ്യമാക്കുവാൻ നമുക്ക് ശ്രമിക്കാം.

നടുവിലേക്കര അച്ചന് ആദാരാഞ്ജലികൾ

കല്ലുങ്കത്ര: മണിയാപറമ്പ് നടുവിലേക്കര ബഹു. മാത്യൂസ് കുര്യൻ അച്ചൻ കർത്താവിൽ നിദ്രപ്രാപിച്ചു. കോട്ടയം ഭദ്രാസനത്തിലും പുറത്തുമുള്ള അനേകം ദൈവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പൗരസ്ത്യ സുവിശേഷ സമാജത്തിനുവേണ്ടി അഭി. ഏബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്തായിൽനിന്നാണ് വൈദിക പട്ടം സ്വീകരിച്ചത്. അങ്കമാലി ഭദ്രാസനത്തിലെ വടക്കൻപറവൂർ സെന്റ് തോമസ് പള്ളി, വാളാടി സെന്റ് ജോർജ്, പുത്തൻകുരിശ് മോർ ഏലിയാ ചാപ്പൽ, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി, തൃശൂർ ഭദ്രാസനത്തിലെ കണ്ണാറ സെന്റ്

(ശേഷം പേജ് 2-ൽ)

ME MARIYA ELECTRICALS
CENTRAL JN. MANARCAD, KOTTAYAM
Phone : 0481 2378425, 9446573583
Email : mariyaelectricals2013@gmail.com
V-GUARD USHA POLYCAB MPL HAVELLS
Goldmedal VIDEON legrand CIXIC
OBO BETTERMANN GM Mr. khaitan The name is enough KULIRMA
Crabtree PHILIPS KELTRON BAJAJ EXCEL EXCEL EARTHINGS
"കുറഞ്ഞവില, കൂടുതൽ മൂല്യം, നേരായ വഴിയിൽ- വൈദ്യുതീകരണ രംഗത്ത് പ്രമുഖ കമ്പനികളുടെ ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ"
Prop. JAI THANDASSERIL

അരീപ്പറമ്പ് സണ്ടേസ്കൂൾ വാർഷികം

അരീപ്പറമ്പ്: വി. മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന അരീപ്പറമ്പ് സെന്റ് മേരീസ് സണ്ടേസ്കൂളിന്റെ വാർഷികം വെരി. റവ. കുറിയാക്കോസ് കോർഎപ്പിസ്കോപ്പാ കറുകയിൽ ഉദ്ഘാടനം ചെയ്തു. വെരി. റവ. ആൻഡ്രൂസ് കോർഎപ്പിസ്കോപ്പാ ചിരവത്തറ, സണ്ടേസ്കൂൾ ഇൻസ്പെക്ടർ അവിനേഷ് ഏബ്രഹാം തണ്ടാശ്ശേരിൽ, ഹെഡ്മാസ്റ്റർ മാത്യു പി. ജോൺ പാണാപറമ്പിൽ, സണ്ടേസ്കൂൾ പ്രതിനിധി വിനോദ് ചാക്കോ ആലുംമൂട്ടിൽ, പി. എ. ചെറിയാൻ, മാത്യു എം. നൈനാൻ, തുടങ്ങിയവർ സംസാരിച്ചു. വിദ്യാർത്ഥികളുടെ കലാപരിപാടികളും സമ്മാനദാനവും നടത്തപ്പെട്ടു.

നടുവിലേക്കര അച്ചന് ആദാരാഞ്ജലികൾ

(പേജ് 1-ൽനിന്നും തുടർച്ച)

മേരീസ് പള്ളി, കോട്ടയം ഭദ്രാസനത്തിൽ ചീന്തലാർ സെന്റ് മേരീസ് പള്ളി എന്നിവിടങ്ങളിലും നിലവിൽ കാഞ്ഞിരപ്പള്ളി പാറത്തോട് സെന്റ് ജോർജ് ഗ്രേസി മെമ്മോറിയൽ പള്ളി വികാരിയായും സേവമനുഷ്ഠിച്ചു.

പാമ്പാടിയിലെ വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം കല്ലുങ്കത്ര സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ അഭിവന്ദ്യരായ തോമസ് മോർ തീമോത്തിയോസ് മർക്കോസ് മോർ ക്രിസോസ്റ്റമസ്, പൗലോസ് മോർ ഐറേനിയസ്, സഖറിയാസ് മോർ ഫീലക്സിനോസ്, സഖറിയാസ് മോർ പോളിക്കാർപ്പസ് എന്നീ മെത്രാപ്പോലീത്തന്മാരുടെയും അനേക വൈദീകരുടെയും നൂറുകണക്കിന് വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ കബറടക്കം നടത്തപ്പെട്ടു. ബഹുമാനപ്പെട്ട അച്ചന്റെ ദേഹവിയോഗത്തിൽ മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെയും കോലോ സുറിയോയോയുടെയും പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ.

മണർകാട് സെന്റ് മേരീസ് കോളേജിന് ഉന്നത വിജയം

മഹാത്മാഗാന്ധിയൂണിവേഴ്സിറ്റിയുടെ ബി. കോം. ബിരുദ പരീക്ഷയിൽ രണ്ടും, നാലും സെമസ്റ്ററുകളിൽ 97% വും, ബാക്കി എല്ലാ സെമസ്റ്ററുകളിലും 100 % വിജയവും നേടിയതായി മണർകാട് സെന്റ് മേരീസ് കോളേജിലെ കോമേഴ്സ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

വാർഷികവും തെരഞ്ഞെടുപ്പും

പഠനോപകരണങ്ങൾ വിതരണം ചെയ്തു

തിരുവഞ്ചൂർ : അതീവ സമ്പന്നമായ ആദ്ധ്യാത്മിക ജീവിതം കൊണ്ടും നിർദ്ധനരും അവശതയനുഭവിക്കുന്ന വ്യക്തികളോടുള്ള അനുകമ്പകൊണ്ടും ഇന്നും നാനാജാതി മതസ്ഥരായ ജനഹൃദയങ്ങളിൽ നിറഞ്ഞു നില്ക്കുന്ന മലങ്കരയുടെ വാനമ്പടി കോട്ടയിൽ ചെറിയാൻ മല്പാനച്ചന്റെ പാവനസ്മരണ നിലനിർത്തുവാൻ സ്ഥാപിതമായിട്ടുള്ള ചാരിറ്റബിൾ സൊസൈറ്റിയായ ചെറിയാൻ കോട്ടയിൽ മല്പാനച്ചൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ തൂത്തുട്ടിയിലെ ഫൗണ്ടേഷൻ ഓഫീസ് അങ്കണത്തിൽ വച്ച് നിർദ്ധനരായ വിവിധ ക്ളാസ്സുകളിൽ പഠിക്കുന്ന 40 കുട്ടികൾക്ക് പഠനസഹായ സാധനങ്ങളുടെ കിറ്റ് വിതരണം ചെയ്തു. അയർക്കുന്നം ഗ്രാപഞ്ചായത്ത് മെമ്പർ ശ്രീമതി. മോനിമോൾ ജെയ്മോൻ, ഫൗണ്ടേഷൻ പ്രസിഡന്റ് ശ്രീ. പീ. സി. ഏബ്രഹാം, മറുകംചിറപുത്തൻപുരയിൽ, ഫൗണ്ടേഷൻ സെക്രട്ടറി ശ്രീ. കുര്യൻ തോമസ്, ഫൗണ്ടേഷൻ ട്രഷറർ ശ്രീ. ഡായ് റ്റി. ഏബ്രഹാം, എന്നിവർ നേതൃത്വം നല്കി.

അനുമോദിച്ചു

തിരുവഞ്ചൂർ : മലങ്കരയുടെ വാനമ്പാടി ഭാഗ്യസ്മരണാർഹനായ കോട്ടയിൽ വന്ദ്യ ചെറിയാൻ മല്പാനച്ചന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ചാരിറ്റബിൾ സൊസൈറ്റിയായ ചെറിയാൻ കോട്ടയിൽ മല്പാനച്ചൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 2014 മാർച്ചിലെ +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ഏ പ്ലസോടുകൂടി ഉന്നത വിജയം കരസ്ഥമാക്കിയ ഫൗണ്ടേഷൻ മെമ്പറായ കുമാരി ഷെറിൻ ഏബ്രഹാം, കൊടുവന്താനത്ത് ആറുമാനൂരിനെ റവ. ഫാ. ഏബ്രഹാം പി. ജോർജ്ജ് ഫൗണ്ടേഷന്റെ ഉപഹാരം നൽകി അനുമോദിച്ചു.

ഭരണസമിതി അംഗങ്ങൾ

തിരുവഞ്ചൂർ : മലങ്കരയുടെ വാനമ്പാടി ഭാഗ്യസ്മരണാർഹനായ കോട്ടയിൽ വന്ദ്യ ചെറിയാൻ മല്പാനച്ചന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ചാരിറ്റബിൾ സൊസൈറ്റിയായ ചെറിയാൻ കോട്ടയിൽ മല്പാനച്ചൻ ഫൗണ്ടേഷന്റെ 2014 - 16 വർഷത്തേയ്ക്കുള്ള രണസമിതിയിലേക്ക് പ്രസിഡന്റ് ശ്രീ. പീ. സി. ഏബ്രഹാം, മറുകംചിറപുത്തൻപുരയിൽ, സെക്രട്ടറി ശ്രീ. കുര്യൻ തോമസ്, പുതിയ പുരയിടത്തിൽ, ട്രഷറർ ശ്രീ. ഡായ് റ്റി. ഏബ്രഹാം, തണ്ടാശ്ശേരിൽ, കമ്മറ്റിയഗങ്ങളായി ശ്രീ. പീ. കെ സ്കറിയ, പുത്തൻപറമ്പിൽ, ശ്രീ. ബിജു കെ. കിഴക്കേപള്ളത്ത്, ശ്രീ. ഏബ്രഹാം ഈപ്പൻ, മരവത്ത്, ശ്രീ. എം. എം തോമസ്സ്, മരവത്ത്,ശ്രീ. ബിനുമോൻ തോമസ്സ്, മഠത്തിപ്പറമ്പിൽ, ശ്രീ. ജയ് റ്റി. ഏബ്രഹാം, തണ്ടാശ്ശേരിൽ, , ശ്രീ. മനോജ് മാത്യു, മഠത്തിപ്പറമ്പിൽ, ശ്രീ. ഫിലിപ്പ് മാത്യു, മഠത്തിപ്പറമ്പിൽ, ശ്രീ. അനിൽ പി. കുര്യൻ, പള്ളത്ത്, ശ്രീ. ബിജോ എം. ചാക്കോ, മഠത്തിപ്പറമ്പിൽ, ശ്രീ. ജെറിൻ സി. സഖറിയ, കോട്ടയിൽ,ശ്രീ. സജിമോൻ കെ. പി, കളത്തൂർ ശ്രീ. സ്കറിയാച്ചൻ പീ. ഏ, പള്ളത്ത്, ശ്രീ. ജേക്കബ്ബ് കുര്യൻ, മഠത്തിൽ, ഓഡിറ്റ റായി ശ്രീ. റ്റി. സി. വർഗീസ്സ്, ആലയ്ക്കപറമ്പിൽ എന്നിവരെ വാർഷിക പൊതുയോഗം തിരഞ്ഞെടുത്തു.

അനുമോദിച്ചു

പറമ്പുകര: സി.ബി.എസ്.ഇ. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ 1 നേടിയ പറമ്പുകര സെന്റ് മേരീസ് സണ്ടേസ്കൂൾ വിദ്യാർത്ഥിനി മെറിൻ വർഗീസ് ആലയ്ക്കാപ്പറമ്പിലിനെ അനുമോദിച്ചു. പ്രൊഫ. പി.സി. ആൻഡ്രൂസ് പുളിയാംപള്ളിൽ, കെ. കെ. വർഗീസ് കോട്ടയിൽ, സണ്ടേസ്കൂൾ ഇൻസ്പെക്ടർ അവിനേഷ് ഏബ്രഹാം തണ്ടാശ്ശേരിൽ, എം. എം. തോമസ് മരവത്ത്, പി.സി.ചാക്കോ തണ്ടാശ്ശേരിൽ, മെറിൻ വർഗീസ് തുടങ്ങിയവർ സംസാരിച്ചു.

സണ്ടേസ്കൂൾ അദ്ധ്യാപന രംഗത്ത് 50 വർഷം പൂർത്തീകരിച്ച കുറ്റിയേക്കുന്ന് സണ്ടേസ്കൂൾ അദ്ധ്യാപകൻ കാരയ്ക്കാട്ട് കെ. വി. കുര്യൻ, മണർകാട് സെൻട്രൽ സണ്ടേസ്കൂൾ അധ്യാപകൻ കിഴക്കേപ്പറമ്പിൽ സി.എം. അച്ചൻകുഞ്ഞ് എന്നിവർക്ക് അഭി. മാത്യൂസ് മോർ അഫ്രേം മെത്രാപ്പോലീത്താ ഉപഹാരം നൽകുന്നു.

അറിയിപ്പ്

കഴിഞ്ഞ 7 വർഷക്കാലമായി പ്രസിദ്ധീകരിച്ചുവരുന്ന കോലോസുറിയോയോയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവർക്ക് നന്ദിരേഖപ്പെടുത്തുന്നു. പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്ന വാർത്തകളും ചിത്രങ്ങളും എല്ലാമാസവും 20-ാം തീയതിക്കു മുമ്പായി യൂത്ത് അസോസിയേഷൻ ഓഫീസിലോ യൂത്ത് അസോ. ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. ഇതോടൊപ്പം ബന്ധപ്പെടുവാനുള്ള ഫോൺ നമ്പരുകൾ കൂടി രേഖപ്പെടുത്തേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പരുകൾ മത്തായി വി.എ, തെക്കേക്കുഴി (സെക്രട്ടി) - 9946449654, സുരേഷ് ജോൺ കൈപ്പള്ളിൽ (ചീഫ് എഡിറ്റർ) - 9446073942

കോലോ സുറിയോയോയുടെ പുതിയ വെബ് സൈറ്റ്

http://www.syriacchristianity.info/KoloSuryoyo/KS.htm

എഡിറ്റോറിയൽ

ܡܠܦܢܐ

2014 ജൂൺ (ഹിസീറോൻ)

ഇറാഖിലെ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക

ലോകചരിത്രത്തിലെ ഏറ്റവും മഹത്തായ സംസ്ക്കാരമായ മെസോപട്ടോമിയൻ സംസ്ക്കാരത്തിന്റെ ഈറ്റില്ലമാണ് ഇറാഖ്. അതിമഹത്തായ സാംസ്ക്കാരിക പാരമ്പര്യത്തിന്റെയും ഉന്നതജീവിത നിലവാരം പുലർത്തുന്ന ജനതയുടെയും നാട്. അന്യന്റെ സമ്പത്ത് കൈവശപ്പെടുത്തുക എന്ന പൈശാചിക ചിന്തയുടെ വിവിധ തലത്തിലുള്ള പ്രകടനങ്ങൾ ആണ് അധിനിവേശങ്ങളും കോളനി വാഴ്ചകളും. 15-ാം നൂറ്റാണ്ടിൽ ലോകത്തിലെ ഏറ്റവും സമ്പന്നമായിരുന്ന ഭാരതത്തിന്റെ സമ്പത്ത് കൊള്ളയടിക്കാൻ പല വിദേശ ശക്തികളും കരയും കടലും താണ്ടി ഭാരതത്തിൽ വരികയും ഇംഗ്ലീഷുകാർ അതിൽ വിജയിക്കുകയും ചെയ്തു. ഇറാഖിന്റെ ഇന്നത്തെ അവസ്ഥയും ഇതുതന്നെയാണ്. എണ്ണനിക്ഷേപം കൊണ്ടും മറ്റ് കാർഷിക വിളകൾ കൊണ്ടും അതിസമ്പന്നമായിരുന്ന ഇറാഖിനെ അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യ ശക്തികൾ കൊള്ളയടിക്കുകയാണ്. ഒരു പതിറ്റാണ്ടിലേറെയായി കലാപം അവസാനിക്കാത്ത രാജ്യമായി ഇറാഖ് മാറി സുറിയാനി സഭയുടെ ചരിത്രത്തിൽ ഇറാഖ്, സിറിയ, തുർക്കി എന്നിവ ഉൾപ്പെടുന്ന മദ്ധ്യപൗരസ്ത്യദേശം വളരെ പ്രാധാന്യം ഉള്ള പ്രദേശങ്ങൾ ആണ്.

സുറിയാനി സഭ ദർശിച്ച ബഹുമുഖപ്രതിഭയും മഫ്രിയാനമാരുടെ ഗണത്തിലെ ഉജ്ജ്വലതാരവുമായിരുന്ന മാർ ഗ്രീഗോറിയോസ് ബാർ എബ്രായ ജീവിച്ച മോർ മത്തായിയുടെ ദയറ. ഇറാഖിലെ മൂസലിലാണ്. മർത്ത്ശ്മൂനിയും മക്കളും ഗുരുവും എല്ലാവർഷവും പ്രത്യക്ഷപ്പെടുന്ന കാരക്കോശ് ദേവാലയവും ഇറാഖിലാണ്. അവിടുത്തെ ജനത്തിന്റെ ജീവിതം ദുരിത പൂർണ്ണമാണ്. സുറിയാനിക്കാർ അനുഭവിക്കുന്ന കഷ്ടത വാക്കുകൾക്കൊണ്ട് വിവരിക്കുവാൻ സാധിക്കില്ല. മക്കൾ നഷ്ടപ്പെട്ട മാതാപിതാക്കൾ, മാതാപിതാക്കളെ നഷ്ടപ്പെട്ട മക്കൾ, സഹോദരങ്ങൾ. തങ്ങളും പിതാക്കന്മാരും കഷ്ടപ്പെട്ടു സമ്പാദിച്ച സ്വത്തുക്കൾ മുഴുവൻ നഷ്ടപ്പെടുത്തുക. തങ്ങളുടെ മുൻപിൽ അമ്മ പെങ്ങമാരെ മാനംഭംഗപ്പെടുത്തുക കുടുംബാംഗങ്ങളുടെ മുൻപിൽ വച്ച് പിതാക്കന്മാരെ കൊല്ലുക. വൈദീകർ ഉൾപ്പെടെ നൂറുകണക്കിന് ആളുകൾ ഇറാഖിൽ കൊല്ലപ്പെട്ടിട്ടുണ്ട്. പ. സാഖപ്രഥമൻ ബാവാ ഒരിക്കൽ പറഞ്ഞു ക്രിസ്ത്യാനി ആയി എന്ന ഒറ്റക്കാരണത്താൽ ലോകത്ത് ആരെങ്കിലും കൊല്ലപ്പെടുന്നുണ്ടെങ്കിൽ അത് ഇറാഖിലാണ്. നാം ഇന്ന് അനുഭവിക്കുന്ന സമാധാനവും സുരക്ഷിതത്വവും എത്ര വലുതാണ്. അവിടുത്തെ കാര്യങ്ങൾ മനസ്സിലാകുമ്പോൾ നമുക്ക് ബോധ്യപ്പെട്ടു. അവർ ക്രിസ്തുവിൽ നമുക്ക് സഹോദരങ്ങൾ ആകയാൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിക്കട്ടെ. സമാധാനത്തിന്റെ രാജാവായ ക്രിസ്തു അവരുടെ ദുഃഖങ്ങൾ നീക്കുവാൻ പ്രാർത്ഥിക്കുക.

അനുമോദനങ്ങൾ

സണ്ടേസ്കൂൾ അദ്ധ്യാപന രംഗത്ത് 50 വർഷം പൂർത്തീകരിച്ച കുറ്റിയേക്കുന്ന് സണ്ടേസ്കൂൾ അദ്ധ്യാപകൻ കാരയ്ക്കാട്ട് കെ. വി. കുര്യന് (കുട്ടപ്പായി സാറിന്) യൂത്ത് അസോസിയേഷന്റെയും കോലോ സുറിയോയോയുടെയും അനുമോദനങ്ങൾ.

ഹരിത ബൈബിൾ : ഒരു പരിചയപ്പെടുത്തൽ

കുര്യൻ തോമസ്, കരിമ്പനത്തറയിൽ

ആധുനിക പരിസ്ഥിതിബോധത്തോടുള്ള ക്രൈസ്തവ പ്രതികരണമാണ് ഹരിത ബൈബിൾ *(ദി ഗ്രീൻ ബൈബിൾ).* 2008 ഒക്ടോബർ 8 ന് പ്രമുഖ പ്രസാധകരായ ഹാർപ്പർ ആൻഡ് കോളിൻസ് പ്രസിദ്ധീകരിച്ചതാണ് ഏറെ പ്രത്യേകതകളുള്ള ഈ ഗ്രന്ഥം.

ഏറെ പ്രചാരം ലഭിച്ച ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (എൻ ആർഎസ്വി) ബൈബിളിന്റേതു തന്നെയാണ് ഹരിത ബൈബിളിന്റെയും ഉള്ളടക്കം. സൃഷ്ടി, പ്രകൃതി, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളെ പച്ചമഷിയിൽ മുദ്രണം നടത്തിയിട്ടുള്ള ആയിരത്തിലേറെ ഹരിതവാക്യങ്ങളാണ് ഈ ബൈബിളിന്റെ പ്രധാന പ്രത്യേകത. പ്രപഞ്ച സൃഷ്ടിയിലെ ദൈവപങ്കാളിത്തം, ഭൂമിയും മരങ്ങളും മനുഷ്യനും ജീവജാലങ്ങളും തമ്മിലുള്ള പരസ്പരാശ്രയത്വം, പ്രകൃതിയും ദൈവവുമായ ബന്ധം, ദൈവസൃഷ്ടി പരിപാലിക്കേണ്ടുന്നതിന്റെ ആവശ്യകത എന്നീ വിഷയങ്ങളെക്കുറിച്ചുള്ളതാണ് ഹരിത വാക്യങ്ങൾ.

ആർച്ച് ബിഷപ്പ് ഡെസ്മണ്ട് ടിറ്റുവിന്റെതാണ് ആമുഖകുറിപ്പ്. ആദ്യത്തെ 100 പേജുകളിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ കൂടാതെ എൻ. റ്റി. റൈറ്റ്, ബാർബറാ ബ്രൗൺ ടെയ്ലർ, ബ്രെയിൻ മക്ലാറൻ തുടങ്ങി വിഖ്യാത വേദശാസ്ത്ര പണ്ഢിതരുടെ ഹരിത ക്രിസ്തീയത പരിചയപ്പെടുത്തുന്ന പ്രൗഢലേഖനങ്ങളാണ്. റീസൈക്കിൾ ചെയ്ത കടലാസ്, സോയാബീൻ എണ്ണയിൽ നിന്നും നിർമ്മിച്ച അച്ചടി മഷി, മൃഗത്തുകലിനു പകരം തുണിയും ലിനനും ചേർന്ന പുറംചട്ട ഇവയെല്ലാം ഈ പുസ്തകത്തെ പരിസ്ഥിതിബന്ധുവാക്കുന്നു. ആകെ 1400

പേജുകൾ. ആയിരത്തിലേറെ റഫറൻസുകളും അത്രയും തന്നെ പദങ്ങളടങ്ങിയ ഹരിതവിഷയസൂചികയും. ഇങ്ങനെ ഹരിതബൈബിളിന്റെ പ്രത്യേകതകൾ അനവധിയാണ്. വില 29.95 അമേരിക്കൻ ഡോളർ.

സമ്മിശ്ര പ്രതികരണമാണ് ഈ ബൈബിൾ വിജ്ഞാനമേഖലയിൽ സൃഷ്ടിച്ചിരിക്കുന്നത്. പരിസ്ഥിതി സംരംക്ഷണത്തിന് നല്കുന്ന ഊന്നലിനെക്കുറിച്ച് പരിസ്ഥിതിവാദികൾ പുകഴ്ത്തുമ്പോൾ പ്രസാധകരുടെ വെറും വിപണന തന്ത്രം മാത്രമെന്നു പറഞ്ഞ് പാരമ്പര്യവാദികൾ ഈ ഗ്രന്ഥത്തെ വിമർശിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തെക്കാൾ ആത്മാവിന്റെ നിത്യനരകത്തിൽ നിന്നുള്ള വിടുതലാണ് ക്രൈസ്തവമതങ്ങളുടെ പ്രധാന ദൗത്യമെന്ന് അവർ മുറവിളി കൂട്ടുന്നു.

വിമർശനങ്ങൾക്ക് മറുപടി ഗ്രീൻ ബൈബിളിൽ തന്നെയുണ്ട്. "ക്രിസ്തു നാളെ വീണ്ടും വരികയാണെങ്കിൽ ആദ്യം എന്താവും ചെയ്യുക?" ഒരിക്കൽ മാർട്ടിൻ ലൂഥർ കിംഗിനോട് ആരോ ചോദിച്ചു.

"ഒരു മരം നടും." ഇതായിരുന്നു കിംഗിന്റെ മറുപടി.

പ്രപഞ്ചത്തിലെ സർവ്വസൃഷ്ടികളുടെയും സംരക്ഷകനും കാര്യവിചാരകനുമാണ് മനുഷ്യൻ എന്ന് ഹരിത ബൈബിൾ ഓർമ്മിപ്പിക്കുന്നു.

വാർഷികവും അനുമോദനയോഗവും

മണർകാട്: സെന്റ് മേരീസ് സെൻട്രൽ സൺഡേസ്കൂളിന്റെ 88-ാമത് വാർഷികവും പുതുതായി ആരംഭിച്ച ലൈബ്രറിയുടെ ഉദ്ഘാടനവും, പൗരോഹിത്യ ശുശ്രൂഷയിൽ 50 വർഷം പിന്നിട്ട കത്തീഡ്രൽ സഹവികാരി വെരി. റവ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ കിഴക്കേടത്ത്, സൺഡേസ്കൂൾ അദ്ധ്യാപകനായി 50 വർഷം പിന്നിടുന്ന ശ്രീ. സി. എം. അച്ചൻ കുഞ്ഞ് കിഴക്കേപ്പറമ്പിൽ, പത്താം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ സൺഡേസ്കൂൾ വിദ്യാർത്ഥികളായ അഖിൽ വർഗീസ് ഈരേച്ചേരിൽ, ദിവ്യ രാജൻ ഊറോട്ടുകാലായിൽ എന്നിവർക്കുള്ള അനുമോദനയോഗം എന്നിവ സംയുക്തമായി നടത്തപ്പെട്ടു.

വെരി. റവ. ആൻഡ്രൂസ് കോർ എപ്പിസ്കോപ്പാ ചിരവത്തറയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എം. ജെ. എസ്. എസ്. എ. ഭദ്രാസന ഡയറക്ടർ റവ.ഫാ. കുര്യൻ മാത്യു വടക്കേപ്പറമ്പിൽ, കത്തീഡ്രൽ ട്രസ്റ്റി ക്രിസ്റ്റി മാത്യു പുതിയവീട്ടിൽപറമ്പിൽ, ഡിസ്ട്രിക്ട് ഇൻസ്പെക്ടർ അവിനേഷ് ഏബ്രഹാം തണ്ടാശ്ശേരിൽ, സൺഡേസ്കൂൾ പ്രതിനിധി വിനോദ് ചാക്കോ ആലുംമൂട്ടിൽ, ഹെഡ്മാസ്റ്റർ എം.പി. ജേക്കബ് മണ്ണൂപ്പറമ്പിൽ, ബൈജു ഏബ്രഹാം വെള്ളാപ്പള്ളിൽ, ഷിബു ഫിലിപ്പോസ് വൈശ്യപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും സമ്മാനദാനവും നടത്തപ്പെട്ടു.

ദുഖ്റോനോ

പരിശുദ്ധ ഇഗ്നാത്തിയോസ്
അഫ്രേം ബർസോം പ്രഥമൻ
പാത്രിയർക്കീസ് ബാവാ
ജൂൺ 23

പരിശുദ്ധ ഇഗ്നാത്തിയോസ്
യാക്കൂബ് തൃതിയൻ
പാത്രിയർക്കീസ് ബാവാ
ജൂൺ 25

അഭി. മോർ ഒസ്താത്തിയോസ്
ജോസഫ് ബെന്യാമിൻ
മെത്രാപ്പോലീത്ത
ജൂൺ 17



വന്ദ്യ കുറിയാക്കോസ്
കോർ എപ്പിസ്കോപ്പാ
വെട്ടിക്കുന്നേൽ
ജൂൺ 22



വന്ദ്യ മാത്യു പി. ഏലിയാസ്
കോർ എപ്പിസ്കോപ്പാ
പഴയിടത്തുവയലിൽ
ജൂൺ 29

ജന്മശതാബ്ദി

മലങ്കരയുടെ പ്രകാശ ഗോപുരമായിരുന്ന ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവായുടെ ജന്മശതാബ്ദി ജൂൺ 12-ന് സഭ ആചരിച്ചു.

സ്വർഗ്ഗത്തിൽ 2-ാം പിറന്നാൾ
7-7-2014

P. I. വർഗ്ഗീസ്
(കുട്ടപ്പൻ) പള്ളത്തറയിൽ
തിരുവഞ്ചൂർ

6-ാം ചരമവാർഷികം
13.06.2014

എം. എം. മത്തായി
മുല്ലയ്ക്കൽ

പെന്തക്കോസ്തി പെരുന്നാളിൽ അഭി. കുറിയാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ വി.കുർബ്ബാന അർപ്പിക്കുന്നു.

MOOZHIPARA
HOLLOW BRICKS
PATHIYAPPALLY KADAVU,
VAKATHANAM P.O., KOTTAYAM - 686538
MOB: 9605104461

സണ്ടേസ്കൂൾ പൊതുവാർഷികം

സണ്ടേസ്കൂൾ പൊതുവാർഷികം കോട്ടയം ഭദ്രാസന ഡയറക്ടർ റവ. ഫാ. കുര്യൻ മാത്യു വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു.

മണർകാട്: വി. മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേസ്കൂളുകളുടെയും ഏകോപിപ്പിച്ചുള്ള പൊതുവാർഷികം ജൂൺ 1-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. കോട്ടയം ഭദ്രാസന ഡയറക്ടർ റവ. ഫാ. കുര്യൻ മാത്യു വടക്കേപറമ്പിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ വികാരി വന്ദ്യ ഇ. ടി. കുര്യക്കോസ് കോർ എപ്പിസ്കോപ്പ ഇട്ട്യേടത്ത് അദ്ധ്യക്ഷത വഹിച്ചു. വെരി. റവ. ആൻഡ്രൂസ് കോർഎപ്പിസ്കോപ്പാ ചിരവത്തറ, റവ. ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ, റവ. ഫാ. ജോസി അട്ടച്ചിറ, ട്രസ്റ്റിമാരായ ക്രിസ്റ്റി മാത്യു, ജോൺ മാത്യു , തോമസ് മാത്യു, സണ്ടേസ്കൂൾ ഇൻസ് പെക്ടർ അവിനേഷ് ഏബ്രഹാം തണ്ടാശ്ശേരി, സണ്ടേസ്കൂൾ പ്രതിനിധി വിനോദ് ചാക്കോ ആലുംമൂട്ടിൽ, മണർകാട് ഡിസ്ട്രിക്ട് സെക്രട്ടറി റോണി വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് സമ്മാനാർഹരായ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, സണ്ടേസ്കൂളുകൾക്കും സമ്മാന വിതരണം നടത്തി.

സെന്റ് മേരീസ് സെൻട്രൽ സണ്ടേസ്കൂൾ വാർഷികം വെരി.റവ. ആൻഡ്രൂസ് കോർ എപ്പിസ്കോപ്പാ ചിരവത്തറ നിർവ്വഹിക്കുന്നു.

വിവാഹ ആശംസകൾ

മണർകാട് ഇളംകുളത്ത് ചാക്കോ തോമസിന്റെയും അന്നമ്മ ചാക്കോയുടെയും മകൻ സന്തോഷ് ചാക്കോയും മല്ലപ്പള്ളി വടക്കേൽ വി.തോമസ് ഉമ്മന്റെയും ലിസി ഉമ്മന്റെയും മകൾ ബിൻസി തോമസും മണർകാട് സെന്റ് മേരീസ് ജേക്കബിറ്റ് സിറിയൻ കത്തീഡ്രലിൽ വിവാഹിതരായി.

വിവാഹ ആശംസകൾ

വടവാതൂർ ഓലച്ചേരിൽ ഒ. എം. തങ്കച്ചന്റെയും, അന്നമ്മയുടെയും മകൾ ചിഞ്ചുവും, പേരൂർ തുരുത്തേൽ ജേക്കബ്ബിന്റെയും മെർളിയുടെയും മകൻ കുരുവിളയും പേരൂർ വി. മർത്ത്ശ്മൂനി യാക്കോബായ സുറിയാനി പള്ളിയിൽ വിവാഹിതരായി.

വിവാഹ ആശംസകൾ

തിരുവഞ്ചൂർ തണ്ടാശ്ശേരിൽ പരേതനായ റ്റി.സി.ചാക്കോയുടെയും ഓമന ചാക്കോയുടെയും മകൻ ജോബി റ്റി. ചാക്കോയും, പെരുമ്പായിക്കാട്, കുമ്പലത്തിക്കാലാ കെ. വി. വർഗീസിന്റെയും പരേതയായ അന്നമ്മ വർഗീസിന്റെയും മകൾ ജിനുമോൾ വർഗീസും മണർകാട് സെന്റ് മേരീസ് ജേക്കബിറ്റ് സിറിയൻ കത്തീഡ്രലിൽ വിവാഹിതരായി.

അനുമോദനങ്ങൾ

2014-ലെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് ലഭിച്ച കോതമംഗലം ഓടക്കാലി സെന്റ് മേരീസ് സൺഡേസ്കൂളിലെ മുൻ വിദ്യാർ ത്ഥിയും 2012-ലെ ജെ.എസ്.എസ്.എൽ.സി. പരീക്ഷയിൽ റാങ്ക് ജേതാവുമായ ബേസിൽ കോശി സജീവിന് അനുമോദനങ്ങൾ

വിവാഹ ആശംസകൾ

മണർകാട് മലയാറ്റൂരായ വടക്കേടത്ത് മാത്യു ഏബ്രഹാമിന്റെയും കുഞ്ഞുമോൾ മാത്യുവിന്റെയും മകൻ അഖിൽ മാത്യുവും കുഴിമറ്റം വാസ്തോലിയിൽ വി.വി.തോമസുകുട്ടിയുടെയും മറിയാമ്മ തോമസിന്റെയും മകൾ മേരി തോമസും മണർകാട് സെന്റ് മേരീസ് ജേക്കബിറ്റ് സിറിയൻ കത്തീഡ്രലിൽ വിവാഹിതരായി. അഭിവന്ദ്യ സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്താ ആശീർവദിച്ചു.

ഏഷ്യൻ ക്രിസ്ത്യൻ സഭാ കൗൺസിൽ പ്രതിനിധി സംഘം ചൈനയിൽ – കമ്മ്യൂണിസ്റ്റ് ചൈനയിൽ മതങ്ങൾക്ക് സുവർണ്ണകാലം

ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ പ്രതിനിധി സംഘം ചൈനയിലെ ക്രൈസ്തവ സഭാ തലവന്മാരേയും മതകാര്യ വകുപ്പ് മന്ത്രിയേയും സന്ദർശിച്ചു. 1979 വരെ മത സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന ചൈനയിൽ എൺപതുകളോടെ പുതിയ മാറ്റങ്ങൾ സംഭവിച്ചു. വിശ്വാസവും മതസ്വാതന്ത്ര്യവും, മൗലികാവകാശങ്ങളുടെ ഭാഗമായി ഭരണഘടനയിൽ ഉൾപ്പെടുത്തിയതോടെ ക്രിസ്തീയ സഭകൾ ഉൾപ്പെടെ അഞ്ച് മതങ്ങൾ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. ഇന്ത്യയിലേക്കാൾ കൂടുതൽ ക്രിസ്ത്യാനികൾ, ചൈനയിൽ ജീവിക്കുന്നു എന്നത് പലർക്കും ഒരു പുതിയ അറിവാണ്. ഒരു കോടിയിലധികം വരുന്ന കത്തോലിക്കാ വിശ്വാസികളെ കൂടാതെ 2½ കോടിയലധികം വരുന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസികളും ചുരുക്കം റഷ്യൻ ഓർത്തഡോക്സ് സഭാംഗങ്ങളും ചൈനയിലുണ്ട്. 1979-ൽ വെറും 7 ലക്ഷം മാത്രം ക്രിസ്ത്യാനികളുണ്ടായിരുന്നത് 40 വർഷത്തിനുള്ളിൽ 3½ കോടിയായി വർദ്ധിച്ചു. ചൈനീസ് ക്രിസ്ത്യൻ കൗൺസിലിനു കീഴിലുള്ള പ്രൊട്ടസ്റ്റന്റ് വിഭാഗത്തിനു മാത്രം 60,000-ത്തിൽ അധികം പള്ളികളും ആരാധനാ സ്ഥലങ്ങളുമുണ്ട്. ക്രിസ്തീയ സഭാതലവന്മാരുടേയും ഗവൺമെന്റിന്റെയും കണക്കനുസരിച്ച് പ്രതിവർഷം 6-7 ലക്ഷം ആളുകൾ പുതുതായി ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നുണ്ട്. മതവിശ്വാസത്തോടും ആരാധനാലയങ്ങളോടും അനുഭാവപൂർവ്വമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. തുച്ഛമായ വിലയ്ക്ക് സർക്കാർ ആരാധനാലായങ്ങൾക്ക് സ്ഥലം നൽകുകയും, മതകാര്യങ്ങൾ ശ്രദ്ധിക്കുവാനും. അവകാശം സംരക്ഷിക്കുവാനും പ്രത്യേക വകുപ്പും മന്ത്രിയും ഉണ്ട്. ക്രിസ്തീയ സഭയുടെ മാത്രം 13 പ്രതിനിധികൾ പാർലമെന്റിലുണ്ട്.

മതകാര്യ വകുപ്പ് മന്ത്രി ശ്രീ. ചെൻ സോങ്ങ്റോങ്ങുമായി നടത്തിയ കൂടികാഴ്ചയിൽ മതവും വിശ്വാസവും മനുഷ്യന്റെ ആവശ്യകതയാണെന്നും, വിശ്വാസികളുടെ സംരക്ഷണം മനുഷ്യാവകാശ സംരക്ഷണത്തിന്റെ ഭാഗമാണെന്നും പറഞ്ഞ മന്ത്രി, പ്രകൃതി ക്ഷോഭങ്ങളിലും സാധു ജനശുശ്രൂഷകളിലും ദേശത്തെ നിയമപാലത്തിലും ക്രിസ്ത്യാനികൾ ഏവർക്കും മാതൃകയാണെന്നും സഭയുടെ വളർച്ചയ്ക്ക് ഗവൺമെന്റ് സാധിക്കുന്ന സഹായങ്ങൾ നൽകുന്നതാണെന്നും പറഞ്ഞു. മതസംഘർഷങ്ങൾ ഒഴിവാക്കാനും ചില പാശ്ചാത്യ ശക്തികളുടെ കടന്നുകയറ്റത്തിനുള്ള മാധ്യമങ്ങളായി ചില സഭാ ഗ്രൂപ്പുകളെ ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാനും, മത വിശ്വാസിയിൽ നിരീശരത്വം അടിച്ചേൽപ്പിക്കുന്നതും മനുഷ്യവകാശ ലംഘനമായി കണക്കാക്കുന്നത് കൊണ്ട് പരസ്യമായ മതപ്രചരണങ്ങളോ തെരുവു പ്രസംഗങ്ങളോ ഒഴിവാക്കിയിരിക്കണമെന്നതും മന്ത്രി കൂട്ടിച്ചേർത്തു. ആദിമ നൂറ്റാണ്ട് മുതൽ ക്രിസ്തീയ സഭയുടെ സാന്നിദ്ധ്യം ചൈനയിൽ ഉണ്ടായിരുന്നതിന്റെ തെളിവാണ് ബെയ്ജിംഗിൽനിന്നും കണ്ടെടുത്ത 7-ാം നൂറ്റാണ്ടിൽ സുറിയാനിയിൽ എഴുതപ്പെട്ട ഫലകമെന്നും ഇന്ത്യയും ചൈനയും പല പാശ്ചാത്യ രാജ്യങ്ങൾക്ക് മുൻപേ ക്രിസ്തുമതം കടന്നുവന്ന രാജ്യങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

ചൈനയിൽ ക്രിസ്തീയ സഭകളെക്കുറിച്ച് കൂടുതൽ അറിയുന്നതിനും ഏഷ്യയിലെ ഇതര ക്രൈസ്തവ കൂട്ടായ്മകളും സഭകളുമായി ചൈനയിലെ സഭയെ ബന്ധിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു സന്ദർശനോദ്ദേശം. 5 ദിവസം നീണ്ടുനിന്ന സന്ദർശനത്തിൽ വിവിധ ദൈവാലയങ്ങൾ, ചൈനയിലെ ബൈബിൾ സൊസൈറ്റി ഓഫീസ്, സെമിനാരികൾ എന്നിവ സംഘം സന്ദർശിച്ചു. മതകാര്യ വകുപ്പ് മന്ത്രിയുമായി രണ്ട് മണിക്കൂർ കൂടിക്കാഴ്ച നടത്തി. ചൈനീസ് ക്രിസ്ത്യൻ കൗൺസിൽ പ്രസിഡന്റ് Bao Pingkan, Associate Secretay Ou Enlin എന്നിവർ പ്രതിനിധി സംഘത്തെ അനുഗമിച്ചു. ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ ജനറൽ സെക്രട്ടറി റവ. ഡോ. ഹെന്റിറൈ ലേബാംഗ് (ഇന്തോനേഷ്യ) Dr. Pradit (തായ്‌ലന്റ്) Rev. Dr. Po Kam Cheong (ഹോങ്കോങ്ങ്) Rev. Dr. Kim Young Jiu (കൊറിയ) അഭി. ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ (ഇന്ത്യ) എന്നിവരാണ് പ്രതിനിധി സംഘത്തിലുണ്ടായിരുന്നത്.പുറം ലോകത്ത് കേൾക്കുന്ന തെറ്റായ വാർത്തകളിൽനിന്നും വ്യത്യസ്തമായ യാഥാർത്ഥ്യങ്ങളും മതസ്വാതന്ത്ര്യവും മതജീവിതവുമാണ് പ്രതിനിധി സംഘത്തിന് ചൈനയിൽ കാണുവാൻ കഴിഞ്ഞത്.

സ്മൃതിചിത്രം

പച്ചത്തുരുത്ത് പദ്ധതിയോടനുബന്ധിച്ചുള്ള സെമിനാറിൽ ഡോ. പുന്നൻകുര്യൻ വേങ്കടത്ത് ക്ലാസ്സുകൾ നയിക്കുന്നു.

സി. എം. അച്ചൻകുഞ്ഞ് സാർ: അദ്ധ്യാപനത്തിന്റെ 50 വർഷങ്ങൾ

അച്ചൻകുഞ്ഞ്സാർ സണ്ടേസ്കൂൾ അദ്ധ്യാപകനായിട്ട് 50 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. എം.ജെ.എസ്.എസ്.എ. വാർഷിക പൊതുയോഗത്തിൽവച്ച് അഭി.മാത്യൂസ് മോർ അഫ്രേം തിരുമേനി ഉപഹാരങ്ങൾ നൽകി അനുമോദിച്ചു. മണർ കാട് സെൻട്രൽ സണ്ടേസ്കൂളിൽവച്ച് കൂടിയ യോഗത്തിലും പൊന്നാടയും മെമെന്റോയും നൽകി അദ്ദേഹത്തെ ആദരിച്ചു.



കിഴക്കേപ്പറമ്പിൽ കുടുംബാംഗമായ കെ.റ്റി.മാത്യുവിന്റെയും ചിന്നമ്മ മാത്യുവിന്റെയും പുത്രനായി 1946 ജൂൺ 5-ന് ജനിച്ച ഇദ്ദേഹം 1963-ൽ സണ്ടേസ്കൂൾ അദ്ധ്യാപകനായി തന്റെ സേവനം ആരംഭിച്ചു. ഇക്കാലയളവിനുള്ളിൽ ധാരാളം ശിഷ്യസമ്പത്തിനെ നേടുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു.

മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽ യൂത്ത് അസോസിയേഷന്റെ യൂണിറ്റ് ആരംഭിക്കുന്നതിന് നേതൃത്വം നൽകിയതിൽ പ്രധാനിയായിരുന്നു. യൂണിറ്റ് സെക്രട്ടറി, ഭദ്രാസന-കേന്ദ്രകമ്മിറ്റി ഭാരവാഹി തുടങ്ങി പലസ്ഥാനങ്ങളിൽ ഇദ്ദേഹം യൂത്ത് അസോസിയേഷന്റെ നേതൃനിരയിൽ ശോഭിച്ചിട്ടുണ്ട്. ഇപ്പോഴും യൂത്ത് അസോസിയേഷന് വേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങൾ തന്ന് ഒരു യുവാവായി നമ്മോട് ചേർന്ന് പ്രവർത്തിക്കുന്ന അച്ചൻകുഞ്ഞ് സാർ ഒരു നല്ല സാമൂഹിക പ്രവർത്തകനും മനുഷ്യസ്നേഹിയുമായ വ്യക്തിയാണ്. ആരെ കണ്ടാലും അവരെ പരിചയപ്പെടുകയും ആ പരിചയം വീണ്ടും കാണുമ്പോൾ പുതുക്കുകയും ചെയ്യുക എന്നത് സാറിന്റെ പ്രധാന പ്രത്യേകതയാണ്.

സേവകാസംഘം കമ്മറ്റിയിൽ പല പ്രാവശ്യം ഉണ്ടായിരുന്ന ഇദ്ദേഹം 4 പ്രാവശ്യം സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 1979-ൽ സണ്ടേസ്കൂൾ പ്രതിനിധിയായും 2011-ൽ പള്ളി കമ്മിറ്റിക്കാരനായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഐ.റ്റി.സി. സെക്രട്ടറി (2008) ഇംഗ്ലീഷ് മീഡിയം സ്കൂൾ സെക്രട്ടറി(2011) കോളേജ് കമ്മിറ്റി (2005-06) അംഗം എന്നീ നിലയിലും സേവനം ചെയ്തിട്ടുള്ള അച്ചൻകുഞ്ഞ് സാർ 2001-ൽ വാട്ടർ അതോറിറ്റിയിൽനിന്ന് തന്റെ ഔദ്യോഗിക സേവനം അവസാനിപ്പിച്ചു. തന്റെ സേവനകാലത്ത് വാട്ടർ അതോറിറ്റി ട്രേഡ് യൂണിയൻ പ്രസിഡന്റ് ആയിരുന്ന ഇദ്ദേഹം വിരമിച്ചശേഷം പെൻഷനേഴ്സ് അസോസിയേഷൻ ഭാരവാഹിയായി പ്രവർത്തിച്ചുവരുന്നു.

സഭയുടെ പ്രതിസന്ധി കാലഘട്ടങ്ങളിൽ യൂത്ത് അസോസിയേഷൻ സജീവ അംഗമായിരുന്ന അദ്ദേഹം സുധീരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കുഴിപ്പുരയിടം പ്രാർത്ഥനായോഗത്തിൽ പ്രധാനിയായി ഇപ്പോഴും പ്രവർത്തിക്കുന്നതിനും ഇദ്ദേഹത്തിന് സാധിക്കുന്നുവെന്നത് വളരെ വലിയ നേട്ടമാണ്.

കോലോസുറിയോയോയുടെയും യൂത്ത് അസോസിയേഷന്റെയും അനുമോദനങ്ങൾ

ശ്രേഷ്ഠ പൗലൂസ് ദ്വിതിയൻ ബാവായുടെ ജന്മശതാബ്ദി

2014 ജൂൺ 12

ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവാ 1952 -ൽ മോർ ഫീലക്സിനോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി പാറത്തോട് ഗ്രേസി മെമ്മോറിയൽ പള്ളി(ബാവാ ദീർഘകാലം വികാരിയായി സേവനമനുഷ്ഠിച്ച പള്ളി)യിൽ എത്തിയപ്പോൾ. അഭിവന്ദ്യരായ ഏബ്രഹാം മോർ ക്ലീമിസ്, യൂഹാനോൻ മോർ സേവേറിയോസ് എന്നിവർ സമീപം.

ലാളിത്യത്തിന്റെ പിതാവ്

മാർ അപ്രേം മെത്രാപ്പോലീത്ത (കൽദായ സഭ, തൃശൂർ)

ശ്രേഷ്ഠ ബാവാ കാലം ചെയ്തപ്പോൾ ബാവായെ അനുസ്മരിച്ചുകൊണ്ടെഴുതിയ ലേഖനം

ശ്രേഷ്ഠ ബാവാ പിറമാടം ദയറായിൽ

ശ്രേഷ്ഠ കാതോലിക്ക ബാവ എന്ന പദം ബസേലിയോസ് മാർ പൗലോസ് ദ്വിതീയൻ ബാവയ്ക്ക് ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ പണ്ടത്തെ ഓർത്തഡോക്സ് സിറിയൻ സഭയുടെ മുൻ കാതോലിക്ക ബാവാ മാർത്തോമ്മ മാത്യൂസ് പ്രഥമൻ "ശ്രേഷ്ഠ" എന്ന വിശേഷണം തന്റെ നിയുക്തന് നൽകുന്നുവെന്നും തന്റെ കീഴിലുള്ള നിയുക്ത കാതോലിക്കയെ ശ്രേഷ്ഠ നിയുക്ത കാതോലിക്ക എന്ന് അഭിസംബോധന ചെയ്യണമെന്നും തന്റെ അനുയായികളെ ഉപദേശിച്ചു. ചിലർ അത് ചെവിക്കൊണ്ടു. അന്നത്തെ നിയുക്ത കാതോലിക്കയ്ക്കും ഇപ്പോഴത്തെ നിയുക്ത കാതോലിയ്ക്കക്കും ചിലരെങ്കിലും ഇപ്പോഴും ആ വിശേഷം ഉപയോഗിക്കാറുണ്ട്. ശ്രേഷ്ഠ കാതോലിക്കാ ബാവാ എന്നു പറഞ്ഞാൽ സാക്ഷാൽ കാതോലിക്ക ബാവായെക്കാൾ താഴ്ന്ന ഒരു പദവി എന്ന അർത്ഥത്തിലാണ് പണിപറ്റിച്ചത്.

ഒരാൾ ശ്രേഷ്ഠനാകുന്നത് എങ്ങനെ? ഇപ്പോൾ കാലം ചെയ്ത ബസേലിയോസ് പൗലോസ് രണ്ടാമൻ ശ്രേഷ്ഠൻ എന്ന് വിശേഷിക്കപ്പെടുവാൻ അർഹനാകുന്നത് എങ്ങനെ? സുപ്രീംകോടതിയുടെ ഈ സഭയെപ്പറ്റിയുള്ള ഡിക്രിയ്ക്ക് അന്തിമരൂപം നൽകുന്ന ജഡ്ജിമാരുടെയും ഇന്ത്യയിലെ ഏറ്റവും വിലകൂടിയ നിയമജ്ഞരുടെയും തലപുകയുന്ന പ്രശ്നമാണ്. ഒരു സഭയിൽ രണ്ടു കാതോലിക്ക ബാവാമാർ. ഏത് വിഭാഗം ശരി? രണ്ടും ശരിയോ? രണ്ടുവിഭാഗവും കൂടി മൂന്നുദശലക്ഷത്തോളം അംഗങ്ങളുണ്ടെന്ന് കണക്കാക്കപ്പെടുന്ന ഭാരതത്തിലെ ഓർത്തഡോക്സ് സഭയുടെ പ്രശ്നമാണ്.

ശ്രേഷ്ഠ കാതോലിക്ക ബാവാ ബസേലിയോസ് പൗലോസ് ദ്വിതീയൻ വിവാദങ്ങൾ വെച്ചുപുലർത്തുവാൻ താത്പര്യമില്ലാത്ത വ്യക്തിയാണ്. 1975-ൽ കാതോലിക്ക ബാവായുടെ സ്ഥാനത്ത് ഉയർത്തപ്പെടുവാൻ ദമാസ്കസിലേക്ക് പുറപ്പെടുന്നതിന് മുമ്പ് തന്റെ ഷഷ്ടി പൂർത്തിയുടെ സമാപനം 61 വയസ്സുള്ളപ്പോൾ ആഘോഷിച്ച അവസരത്തിൽ മൂവാറ്റുപുഴയിൽ ഞാൻ ഉണ്ടായിരുന്നു. വാഹനഘോഷയാത്രയിൽ അദ്ദേഹത്തിന്റെ അലങ്കരിച്ച വാഹനത്തിൽ ഒന്നിച്ചാണ് ഞാൻ സഞ്ചരിച്ചത്. സ്വന്തം സഭയിലെ മെത്രാപ്പോലീത്തമാർ ആരും തന്നെ ഉണ്ടായിരുന്നില്ല. ദേവലോകത്തുനിന്ന് കാതോലിക്കബാവായുടെ ആശംസാസന്ദേശംമാത്രം ഉണ്ടായിരുന്നു. അതു പൊതുസ്വീകരണയോഗത്തിൽ വായിച്ചപ്പോഴും തന്റെ അനുയായികൾക്ക് എതിർപ്പ് ഉണ്ടായിരുന്നു. ജീവിതത്തിൽ ധാരാളം വേദനകൾ അനുഭവിച്ച തന്റെ ജവിതം ഷഷ്ട്യബ്ദപൂർത്തി കഴിഞ്ഞ ഈ അവസരത്തിൽ ഇനിയും വലിയ വഴക്കുകളിലേക്ക് തള്ളപ്പെടുകയാണോ എന്ന് അന്ന് മെത്രാപ്പോലീത്തയായിരുന്ന അദ്ദേഹത്തോട് ഞാൻ ചോദിച്ചു. സഭ ഇനിയും പിളരാതിരിക്കട്ടെ എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. നിർഭാഗ്യവശാൽ സഭ നെടുകെ പിളരുക തന്നെ ചെയ്തു. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത ബസേലിയോസ് പൗലോസ് കാതോലിക്ക ബാവായായി.

കാതോലിക്ക ബാവായായിട്ടും ലളിതജീവിതം തന്നെ തുടർന്നു നയിക്കുകയാണ് അദ്ദേഹം ചെയ്തത്. പുതിയ സ്ഥാനലബ്ധി അദ്ദേഹത്തിൽ വലിയ മാറ്റം വരുത്തിയില്ല. പഴയ സുഹൃത്തുക്കളോട് മുമ്പെന്ന പോലെ അദ്ദേഹം പെരുമാറി.

1968-ൽ മെത്രാപ്പോലീത്തയായി ഞാൻ തൃശൂരിലെ അരമനയിൽ താമസമാക്കിയ കാലത്ത് ഒരു മെത്രാപ്പോലീത്ത കുറെവിശ്വാസികളോടുകൂടെ അമരനയിൽ വന്നു. പൗരസ്ത്യസുവിശേഷസമാജത്തിന്റെ മിഷണറിയാത്രബസിൽ കർണാടകമിഷൻ കേന്ദ്രം സന്ദർശിക്കുവാൻ പോകുകയായിരുന്നു. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയും അനുയായികളോടൊപ്പം ബസിൽതന്നെ. ചെറുപ്പക്കാരനായ എന്നെ അനുമോദിക്കാൻ കടന്നുവന്ന തിരുമേനിയോട് എനിക്കു വളരെ സ്നേഹവും ആദരവും ഉണ്ടായി.

തൊഴിയൂരിലെ സ്വതന്ത്രസുറിയാനി സഭയുടെ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കാലം ചെയ്തപ്പോഴും സപ്തതി കഴിഞ്ഞശ്രേഷ്ഠ കാതോലിക്ക ബാവാ അണ്ടൂരിലെത്തി. പ്രായത്തെക്കുറിച്ചുള്ള പരാമർശം ഉണ്ടായപ്പോൾ ഞാൻ കുസൃതിയോടെ പറഞ്ഞു. ബാവാ തിരുമേനിയും ഞാനും തമ്മിൽ ജനനതീയതിയിൽ വലിയ വ്യത്യാസമില്ല. ബാവാ ജനിച്ചതിന്റെ പിറ്റെ ദിവസമാണ് ഞാൻ ജനിച്ചത്. ബാവാ തിരുമേനി ജൂൺ 12-നും ഞാൻ ജൂൺ 13-നും. സപ്തതി കഴിഞ്ഞ ബാവ തിരുമേനി വിസ്മയത്തോടെ ചോദിച്ചു. ആബൂന് എന്റെ അത്ര വയസായോ? ഞാൻ വിശദീകരിച്ചു. തീയതികൾ തമ്മിൽ ഒരു ദിവസത്തെ വ്യത്യാസമെ ഉള്ളു എങ്കിലും അതിനിടയിൽ 26 വർഷം കൂടി കടന്നുപോയിരുന്നു. വിവരം പിടികിട്ടിയപ്പോൾ അദ്ദേഹം ചിരിച്ചു.

അഗാധ സുറിയാനി പണ്ഡിതനായിരുന്നു കാലം ചെയ്ത ബാവ. ഭാരതത്തിലെ സുറിയാനി സഭയിൽ സുറിയാനി പണ്ഡിതന്മാരുടെ എണ്ണം തുലോം വിരലിലെണ്ണാവുന്ന വിധത്തിൽ ചുരുങ്ങിക്കൊണ്ടിരിക്കുമ്പോൾ ബാവായുടെ ദേഹവിയോഗം നികത്താനാവാത്ത വിടവ് സൃഷ്ടിച്ചിരിക്കുന്നു.

38-ാം വയസിൽ മെത്രാനായി 44 വർഷം മെത്രാപ്പോലീത്തയും കാതോലിക്കാബാവായായും സേവിച്ച് 82 വയസ് പൂർത്തിയാക്കിയതിനുശേഷം ഇഹലോക ജീവിതത്തോട് വിട പറഞ്ഞു. ലാളിത്യംകൊണ്ട് ശ്രേഷ്ഠനായ ഈ ബാവ കേരള സഭാചരിത്രത്തിൽ ഒരു സുപ്രധാന കാലഘട്ടത്തിന്റെ അമരക്കാരനായിരുന്നു. ഇദ്ദേഹത്തിനുമുമ്പ് മെത്രാനായും ഒരാൾ മാത്രമെ ഇന്ത്യയിൽ ജീവിച്ചിരിപ്പുള്ളു. 1951-ൽ മെത്രാപ്പോലീത്തയായ ഏബ്രഹാം മോർ ക്ലീമസ് തിരുമേനി. അതിനു താഴെനിൽക്കുന്നത് 1953 മെയ് മാസത്തിൽ മെത്രാന്മാരായി റിട്ടയർ ചെയ്ത മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവായും, ഇപ്പോഴത്തെ മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായും, മാർത്തോമ്മ സഭയിലെ ഡോക്ടർ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായും, ഫലിതസാമ്രാട്ടായ പീലിപ്പോസ് മോർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തായും ആണ്. കത്തോലിക്ക സഭയിലും മറ്റുസഭകളിലും 1954-നു മുമ്പ് പട്ടമേറ്റവർ ആരും തന്നെയില്ല.

പണ്ഡിതനും, പാവങ്ങളുടെ സ്നേഹിതനും, ലളിതജവിതം നയിച്ചവനും സഭയോട് കൂറ് പുലർത്തി വ്യക്തിപരമായ കഷ്ടതകൾ സഹിക്കേണ്ടിവന്നവനുമായ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ ശ്രേഷ്ഠൻതന്നെ. എല്ലാ അർത്ഥത്തിലും ഒരു ശ്രേഷ്ഠ മഹാപുരോഹിതൻ.

ഇറാഖിലെ കലാപഭൂമിയിൽ പരി. അഫ്രേം ദ്വിതിയൻ പാത്രിയർക്കീസ് ബാവാ

ഇറാഖിലെ അഭയാർത്ഥി ക്യാമ്പ് പരി. അഫ്രേം ദ്വിതിയൻ പാത്രിയർക്കീസ് ബാവാ സന്ദർശിക്കുന്നു.

ബാഗ്ദാദ്: ആഭ്യന്തര കലാപം രൂക്ഷമായിരിക്കുന്ന ഇറാഖിൽ വീട് വിട്ട് അഭയാർത്ഥി ക്യാമ്പിൽ കഴിയുന്ന സുറിയാനി സഭാ വിശ്വാസികളെ സന്ദർശിക്കുവാൻ പരി. ഇഗ്നാത്തിയോസ് അഫ്രേം ദ്വിതിയൻ ബാവാ ഇറാഖിലെത്തി.

ഇറാഖിൽ യാത്രചെയ്യുന്നത് ഏറ്റവും അപകടകരമായ കാലഘട്ടമാണ് ഇപ്പോഴുള്ളത്. എങ്കിലും എല്ലാ വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് പരി. ബാവാ തിരുമേനി തന്റെ ജനത്തെ സന്ദർശിക്കുവാൻ ഇറാഖിലെത്തി. സുറിയാനി സഭയുടെ ഒരു വലിയ കേന്ദ്രമാണ് നൂറ്റാണ്ടുകളായി ഇറാഖ്. പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതിയൻ ബാവായും പരി. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവായും ഇറാഖ് സ്വദേശികളാണ്. സദ്ദാം ഹുസൈന്റെ ഭരണനാളുകളിൽ ഭരണതലത്തിലും സുറിയാനി ക്രിസ്ത്യാനികൾക്ക് നല്ല സ്വാധീനമുണ്ടായിരുന്നു. ഇറാഖ് യുദ്ധകാലത്ത് അനേക അഭയാർത്ഥികൾക്ക് മൂസലിലെ മാർ മത്തായിയുടെ ദയറാ അഭയമേകി. ഇപ്പോഴും മത്തായിയുടെ ദയറായിൽ അനേകർ അഭയാർത്ഥികളായി കഴിയുന്നുണ്ട്. ഇറാഖിലെ പ്രബല വിഭാഗമായ മുസ്ലീങ്ങൾ രണ്ടു വിഭാഗങ്ങളായി യുദ്ധം ചെയ്യുകയാണ്. അതു കൂടാതെ കുർദ്ദുകളും ആഭ്യന്തര കലാപത്തിൽ പങ്കുചേരുന്നു. കുർദ്ദുകൾക്ക് വേണ്ടി പ്രത്യേക രാജ്യം വേണമെന്നാണ് കുർദ്ദുകളുടെ ആവശ്യം. സുന്നി, ഷിയാ വിഭാഗങ്ങൾ തമ്മിൽ നൂറ്റാണ്ടുകളായി കലഹം പതിവായിരുന്നുവെങ്കിലും സദ്ദാം ഹുസൈന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കലാപങ്ങളെ ശക്തമായി അടിച്ചമർത്തിയിരുന്നു. അമേരിക്ക ഉൾപ്പെടെയുള്ള പടിഞ്ഞാറൻ രാജ്യങ്ങൾക്ക് സ്ഥാപിത താല്പര്യങ്ങൾ ഉള്ളതിനാലാണ് ഇറാഖിൽ അവർ ഇടപെടുന്നത്. ലോകത്തിലേറ്റവും സമ്പന്നമായ എണ്ണനിക്ഷേപം ഇറാഖിന്റെ പ്രത്യേകതയാണ്. വേദപുസ്തക പരമായും ഇറാഖിന് പ്രാധാന്യമുണ്ട്. മത്തായിയുടെ ദയറായുൾപ്പെടെ പ്രശസ്തമായ അനേകം ദയറാകളും ദൈവാലയങ്ങളും ഇറാഖിലുണ്ട്.

ഇറാഖിലെ അഭയാർത്ഥി ക്യാമ്പിൽ ടെന്റിനുള്ളിൽ കഴിയുന്ന കുടുംബത്തെ പരി. അഫ്രേം ദ്വിതിയൻ പാത്രിയർക്കീസ് ബാവാ സന്ദർശിക്കുന്നു.

Published by St. Mary's Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam